LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയനുസരിച്ച് തിരുവനന്തപുരം നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കുമുള്ള വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി, മീനാടിനും സമീപ ഗ്രാമങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി, ചേർത്തലയ്ക്കും സമീപ ഗ്രാമങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി, കോഴിക്കോട് നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കുമുള്ള വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി, പട്ടുവത്തിനും സമീപ ഗ്രാമങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി എന്നീ അഞ്ച് ശുദ്ധജല വിതരണ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

(ബി) അഞ്ച് പദ്ധതികളുടെയും വിവിധ സർവ്വേകൾ, ഡിസൈനുകൾ തയ്യാറാക്കൽ, ടെണ്ടറുകൾക്ക് വേണ്ടിയുള്ള പ്രീ-ക്വാളിഫിക്കേഷൻ മുതലായവ പൂർത്തിയാക്കുകയും ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 2007 ആഗസ്റ്റ് മാസത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) പദ്ധതിയുടെ പ്രവർത്തന പുരോഗതി കേരള വാട്ടർ അതോറിറ്റി ബോർഡ് മാസംതോറും അവലോകനം ചെയ്യുന്നു. പദ്ധതിക്കാവശ്യമായ ഫണ്ട് ബഡ്ജറ്റ് പ്രകാരം ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി ചെയർമാനായ ഒരു എംപവേർഡ് കമ്മിറ്റി നിലവിലുണ്ട്. കൂടാതെ പദ്ധതിസംബന്ധമായ അവലോകനം നടത്തിവരുന്നു.

വൈക്കം ഓഗ്മെന്റേഷൻ പദ്ധതി

78 [1908] *ശ്രീ. പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വൈക്കം താലൂക്കിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി രൂപംനൽകിയിട്ടുള്ള വൈക്കം ഓഗ്മെന്റേഷൻ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായ കിണറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കോൺട്രാക്ടറുടെ അനാസ്ഥമൂലം ശരിയായിനടക്കുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ കിണറിന്റെ പണി പതിനെട്ട് മാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്നുള്ള കരാർ വ്യവസ്ഥ പ്രകാരമുള്ള കാലാവധി പലതവണ ദീർഘിപ്പിച്ചു നൽകിയിട്ടും പണി പൂർത്തിയാക്കാത്തതിനാൽ നിലവിലുള്ള കരാർ റദ്ദ് ചെയ്ത് പുതിയ കരാറുകാരനെ ഏൽപ്പിച്ച് പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ പദ്ധതിയുടെ കിണർ ഏകദേശം 45%-വും ശുദ്ധീകരണശാല 90%-വും ഉപരിതല ജലസംഭരണി 30%-വും പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക്കൽ പണികളുടേയും പൈപ്പ്ലൈനിന്റെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നിലവിലുള്ള കരാറുകാരനെ മാറ്റി മറ്റൊരു കരാറുകാരനെ പ്രവൃത്തി ഏൽപ്പിക്കുന്നതിന് കൂടുതൽ കാലതാമസത്തിന് ഇടയാക്കുവാൻ സാദ്ധ്യതയുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണി പൂർത്തിയാക്കുന്നതാണ്.

ജപ്പാൻ ശുദ്ധജല പദ്ധതികളുടെ വ്യവസ്ഥകൾ

79 [1909] *പ്രൊഫ. എ. ഡി. മുസ്തഫ:*
ശ്രീ. ടി. എൻ. പ്രതാപൻ:
,, *കെ. മുഹമ്മദാലി:*
പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ സഹായത്തോടുകൂടി നിർമ്മിക്കുന്ന ശുദ്ധജല പദ്ധതികളുടെ ആവശ്യത്തിന് ഡി. ഐ. പൈപ്പുകൾ വാങ്ങുന്നത് സംബന്ധിച്ച് ഒറിജിനൽ ടെണ്ടറിലെ വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു;

(ബി) ഈ ടെണ്ടർ വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്തുകയുണ്ടായോ. എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത്;

(സി) ടെണ്ടർ വ്യവസ്ഥയിൽ മാറ്റങ്ങൾ വരുത്തിയതിന്റെ ഫലമെന്തായിരുന്നു. പ്രസ്തുത മാറ്റങ്ങൾ വരുത്തണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly